# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ 13 സർവ്വകലാശാലകളിൽ നിയമനം ലഭിച്ച അനദ്ധ്യാപകർക്ക് അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ (കൈ)നം.123/2017/ഉ.വി.വ തീയതി,തിരുവനന്തപുരം, 09.05.2017

================================================================

പരാമർശം:-1. 29.09.2015 ലെ കേരള സർക്കാർ വിജ്ഞാപനം നം. 4277/ലെഗ്.ജി.2/2014/നിയമം.

2. 23.03.2017 ൽ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന സർവ്വകലാശാല രജിസ്ട്രാർമരുടെ യോഗം.

## ഉത്തരവ്

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുന്നതിന് പരാമർശം 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് / കംപ്യൂട്ടർ അസിസ്റ്റന്റ് മുതലായ തസ്തികകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പൊതു എഴുത്ത് പരീക്ഷ നടത്തുകയും പട്ടിക തയ്യാറാക്കുകയും ചെയ്തിരുന്നു . ടി പട്ടികകളിൽ നിന്നും വിവിധ സർവ്വകലാശാലകളിൽ നിയമനം ലഭിച്ചവർ തങ്ങൾക്ക് സൗകര്യപ്രദമായ സർവ്വകലാശാലകളിൽ നിയമനം ലഭിക്കുന്നതിനായി അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല രജിസ്ട്രാർമാരുടെ യോഗം വിളിച്ചുചേർക്കുകയും വിശദമായ ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തവാകുന്നു.

(1) പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിറ്റിയുടെയും, ഓപ്ഷന്റെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് അന്തർ സർവ്വകലാശാല സ്ഥലം മാറ്റം അനുവദിക്കുന്നതാണ്.

(2) എല്ലാ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിലും ഇതിലേക്ക് ബാധകമായ ഒരു പൊതു വ്യവസ്ഥ ഉൾകൊള്ളിച്ച് സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സർവ്വകലാശാലാ രജിസ്ട്രാർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എം.ജി.രഞ്ജിത് കുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി**

സ്വീകർത്താവ്:

രജിസ്ട്രാർ
കേരള, കോഴിക്കോട്, എം.ജി.,കണ്ണൂർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല/, ശ്രീ ശങ്കരാചാര്യ സംസ്കൃത / മലയാള സർവ്വകലാശാല / ന്യൂവാൽസ് / എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക / കേരള അഗ്രികൾച്ചറൽ /കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് / കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് / കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ /ആഡിറ്റ് ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് ഓഫീസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (File 519/B2/2016/H.Edn.)

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഗവ. സെക്രട്ടറിയുടെ പി.എയ്ക്ക്
ഗവ. ജോയിന്റ് സെക്രട്ടറിയുടെ സി. എയ്ക്ക്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

To

ദി രജിസ്ട്രാർ,
മഹാത്മാഗാന്ധി സർവകലാശാല,
കോട്ടയം.

## മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 2832 ./എ.3/2/2017/ഭ.വി.

തീയതി :16/05/2017

മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സ.ഉ.(കൈ) നമ്പർ.123/2017/ഉ.വി.വ തീയതി 09 മെയ് 2017 സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

ഇതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭ.വി.)
രജിസ്ട്രാർക്കു വേണ്ടി

1) വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2) രജിസ്ട്രാർ./എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ.
3) എഡി എ1/2/4/5
4) എ.ആർ1/ഡി.ആർ1/ജെ.ആർ1 (ഭ.വി)
5) ജോയിന്റ് ഡയറക്ടർ, .
കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്,
മഹാത്മാഗാന്ധി സർവകലാശാല
6) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്.
(വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
7) ഐ.ക്യൂ.എ.സി
8) സ്റ്റോക്ക് ഫയൽ/റെക്കോർഡ്സ് സെക്ഷൻ.
9) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/838/2013/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ